**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 227** **07-06-2021 - ൽ മറുപടിയ്ക്ക്**

**പൾസ് ഓക്സി മീറ്ററുകളുടെ ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | പൾസ് ഓക്സി മീറ്ററുകൾക്ക് സംസ്ഥാനത്ത് ക്ഷാമം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനും പൾസ് ഓക്സീമീറ്ററിന് അമിത വില ഈടാക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം ഇടപെടലുകളാണ് ഇതിനകം നടത്തിയതെന്നും വ്യക്തമാക്കുമോ; | (എ) | കോവിഡ്-19 ന്റെ രണ്ടാം തരംഗത്തെ തുടർന്ന് ചികിത്സാ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ വീടുകളിൽ ക്വാറന്റൈനിൽ കഴിയുന്ന കോവിഡ് പോസിറ്റീവ് രോഗികളിൽ Oxygen Saturation – ന്റെ അളവ് നിരീക്ഷിക്കണമെന്ന് നിർദ്ദേശം ഉണ്ട്. ഇവയുടെ ആവശ്യാനുസരണമുള്ള ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി മൊത്ത വ്യാപാരികൾ നിർമ്മാതാക്കളിൽ നിന്ന് സ്റ്റോക്ക് ലഭ്യമാക്കി വിതരണം നടത്തി വരുന്നുണ്ട്. സംസ്ഥാന സർക്കാർ ഇവയെ അവശ്യ വസ്തുക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തി, ഇവയുടെ സവിശേഷതയും പരമാവധി ചില്ലറ വിൽപ്പന വിലയും നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പൾസ് ഓക്സിമീറ്ററുകൾ മെഡിക്കൽ ഡിവൈസസിന്റെ നിർവ്വചനത്തിലുൾപ്പെടുന്നതിനാൽ മെഡിക്കൽ ഡിവൈസ് റൂൾസ് 2017 പ്രകാരമുള്ള എല്ലാ ലേബലിംഗ് മാനദണ്ഡങ്ങളും പാലിച്ചാണോ ഇവ വിതരണം /വിൽപ്പന ചെയ്യുന്നതെന്ന് ഉറപ്പാക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ ഇവയുടെ വിൽപ്പന സംബന്ധിച്ച് നിരന്തര പരിശോധന സംസ്ഥാനത്തുടനീളം നടത്തുകയും നിയമത്തിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ലേബലിംഗ് മാനദണ്ഡങ്ങളില്ലാത്തവയുടെ വിൽപ്പന തടയുകയും ചെയ്തിട്ടുണ്ട്. നിലവിൽ പൾസ് ഓക്സിമീറ്ററിന് ദൗർലഭ്യം ഇല്ല എന്നും കാണുന്നു. വിവിധ കമ്പനികളുടെ പൾസ് ഓക്സിമീറ്ററുകൾ എച്ച്.എൽ.എല്ലിന്റെ ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധിക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിവരുന്നു. ടെസ്റ്റ് റിസൾട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഗുണനിലവാരമുള്ള പൾസ് ഓക്സിമീറ്ററുകളുടെ പേരും |

| | | | |
|---|---|---|---|
| | | | വിലയും അടങ്ങുന്ന ചുരുക്ക പട്ടിക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) | പൾസ് ഓക്സിമീറ്റർ സംസ്ഥാനത്ത് തന്നെ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | ഗുണനിലവാരമുള്ള പൾസ് ഓക്സിമീറ്ററുകൾ സംസ്ഥാനത്തുതന്നെ നിർമ്മിക്കുന്നതിനായി കെൽട്രോണിനെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ പ്രവർത്തികൾ പുരോഗമിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ